# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 5190

23-05-2017 ൽ മറുപടിയ്ക്ക്

## പാടശേഖരസമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.എ.എം. ആരിഫ്
,, ഡി.കെ. മുരളി
,, എം. സ്വരാജ്
,, കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നെൽകൃഷി വികസന പരിപാടികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2017-18 വർഷം നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ കുട്ടനാട് കോൾ, ഓണാട്ടുകര പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക അഗ്രിക്കൾച്ചറൽ സോൺ എന്ന പദ്ധതിയിൽപ്പെടുത്തി നെൽകൃഷിയ്ക്ക് ഉപയുക്തമാംവിധം പ്രത്യേക പ്രോജക്ടുകൾ വിഭാവനം ചെയ്തുവരുന്നു. |
| (ബി) | പാടശേഖരം സമിതികളുടെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സംസ്ഥാനത്ത് 2017-18 വർഷം പാടശേഖരാടിസ്ഥാനത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം

ഈ പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1500/-രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു

2. വികസന ഏജൻസികൾക്കുള്ള ഗ്രാന്റ്

നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000/-രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ (പരമാവധി 50,000/-രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക്

ഈ വർഷം ഒരു ഹെക്ടറിന് 30,000/- രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000/-രൂപ കർഷകനും, 5000/-രൂപ ഭൂവുടമയ്ക്കും) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായമായി (2900 ഹെക്ടർ) ഹെക്ടറിന് 7000/- രൂപ (5800/-രൂപ കർഷകനും 1200 രൂപ ഭൂവുടമയ്ക്കും) നിരക്കിൽ നല്കുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

6. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് തല അവാർഡ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരപ്രദേശം എന്നിവയ്ക്കായി ഏറ്റവും നല്ല പ്രോജക്ട് അടിസ്ഥാനത്തിൽ നെൽകൃഷിയ്ക്ക് അവാർഡ് നല്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. ഒരുപ്പൂകൃഷി ഇരിപ്പൂകൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം

ഹെക്ടറിന് 10,000/- രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

8. നെൽ വർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം.

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. റജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം - 1200 ലക്ഷം രൂപ.

11. റൈസ് മില്ല് (300 ലക്ഷം)- അതാത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന നെൽവിത്ത് അതാത് സ്ഥലത്ത് വിപണനം ചെയ്യുന്നതിലേയ്ക്ക് ലക്ഷ്യമിട്ടുകൊണ്ട് മിനി റൈസ് മില്ല് സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2017-18 വർഷം സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണിൽ ഉൾപ്പെടുന്ന കുട്ടനാട് കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നീ പ്രദേശങ്ങളിൽ വരുന്ന കർഷകർക്ക് ഉപയുക്തമാംവിധം നെൽകൃഷിയുള്ള പദ്ധതികൾ പ്രോജക്ടടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

ഇപ്രകാരം നെൽകൃഷിയ്ക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ നിലവിലെ നെൽവയൽ വിസ്തൃതി 5 വർഷം കൊണ്ട് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ